കേരള നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 15, വ്യാഴം

(നിയമസഭ 1979 മാർച്ച് 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഐ.ആർ.ഐ. ട്രേഡ് സർട്ടിഫിക്കറ്റുകൾ

*477 [501] ശ്രീ. എ.വി. താമരാക്ഷൻ:

,, ത്യാഗരാജൻ:

,, ആർ. എസ്. ഉണ്ണി:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ആർ.ഐ. കളിൽനിന്നും ഇന്നു നൽകിവരുന്ന ട്രേഡ് സർട്ടിഫിക്കറ്റുകൾ എല്ലാംതന്നെ പി.എസ്.സിയും കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളും അംഗീകരിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ട്രേഡ് സർട്ടിഫിക്കറുകളും അംഗീകരിക്കാതെയുണ്ട്;

(സി) ഈ സർട്ടിഫിക്കറുകളും പി.എസ്.സി. അംഗീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

തൊഴിലും വേതനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) ഏതാനും ചിലതൊഴിച്ച് ബാക്കിയെല്ലാം കേന്ദ്രഗവൺമെൻറ് അംഗീകരിക്കുന്നുണ്ട്. സംസ്ഥാനഗവൺമെൻറിനുവേണ്ടി പി.എസ്.സി. അംഗീകരിക്കുന്നത് അതാതു ഡിപ്പാർട്ടുമെൻറുകളുടെ റൂംസ് അനുസരിച്ചായിരിക്കും.

(ബി) കേന്ദ്രഗവൺമെൻറ് സെക്രട്ടേറിയറേറ് പ്രാക്ടീസ് അംഗീകരിച്ചിട്ടില്ല. പി.എസ്.സി. അതാതു ഡിപ്പാർട്ടുമെൻറിൻെറ റൂളനുസരിച്ച് അംഗീകരിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു.

(സി) ഏതെല്ലാം സർട്ടിഫിക്കറുകളാണ് അംഗീകരിക്കാത്തതെന്നു തിട്ടപ്പെടുത്തി അവ അംഗീകരിക്കാൻ വേണ്ട നടപടികളും സ്വീകരിക്കാം.

ശ്രീ. എ.വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തുള്ള ഐ.ടി.ഐ. കളിൽനിന്നും സർട്ടിഫിക്കറോടുകൂടി പുറത്തുവരുന്ന പല വിദ്യാർത്ഥികൾക്കും നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ള നിയമനങ്ങളിൽ അത് അംഗീകരിക്കാത്തതിൻെറ പേരിൽ നിയമനം ലഭിക്കുന്നില്ല എന്നു പരാതിയുണ്ട്. ഗവൺമെൻറ് ഈ കാര്യത്തിൽ വളരെ കർശനമായി ഈ സർട്ടിഫിക്കറ് അംഗീകരിച്ചുകൊണ്ട് അവർക്ക് പി.എസ്. സി. യുടെ നിയമനം ലഭിക്കുന്നതിനുള്ള സത്വര നടപടികളും സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഇവിടുന്ന് സർട്ടിഫിക്കറ് കിട്ടുന്ന ആളുകളെ ഓരോ ഡിപ്പാർട്ടുമെൻറിലും ആവശ്യമുള്ള ആളുകൾക്കനുസരണമായ റൂംസാണ് ഇൻകോർപ്പറേറ് ചെയ്തിട്ടുള്ളത്. അതും സർട്ടിഫിക്കറുമായിട്ട് പൊരുത്തപ്പെടാത്ത പല സന്ദർഭങ്ങളുമുണ്ട്. അതിൻെറ പേരിൽ നിയമനം കിട്ടാതെ പോകുന്നുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ട്. അത് സോർട്ട് ഔട്ട് ചെയ്തു ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എ.വി. താമരാക്ഷൻ: സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിനു പുറത്തും ഇൻഡ്യയ്ക്കു വെളിയിലും ഐ.ടി.ഐ.യും ഐ.ടി.സി.യും. പാസായ വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും കിട്ടാൻ സാദ്ധ്യതയുള്ളതു കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഈ വർഷം കൂടുതലായി ഐ.ടി.ഐ. കളും ഐ.ടി.സി.കളും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഐ.ടി.സി.കളും പ്രൈവറ് സെക്ടറിൽ കഴിഞ്ഞവർഷം കൂടുതൽ അനുവദിച്ചിരുന്നു. അതു മുഴുവനും ക്രമത്തിലായിട്ടില്ല. അതു ക്രമത്തിലാകുന്ന മുറയ്ക്ക് കൂടുതൽ സ്ഥാപിക്കുന്നതിനു ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ത്യാഗരാജൻ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ചിലത് അംഗീകരിച്ചിട്ടില്ലെന്ന്. പെയിൻറിംഗ് തുടങ്ങിയ ട്രെയിഡുകളിൽ ഏതാണ്ട് ഒന്നരവർഷക്കാലത്തെ പ്രാക്ടീസ് സീദ്ധിച്ച ആളുകളുണ്ട്. കെ.എസ്.ആർ.ടി.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ ഇതിന് ധാരാളം ഒഴിവുകൾ ഉണ്ടെന്നുള്ളതു കണക്കിലെടുത്ത് ഇത്തരം ആളുകളെ കെ. എസ്. ആർ. ടി. സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; പെയിൻറിംഗിനുവേണ്ടി ആളുകളെ തിരഞ്ഞെടുക്കുമ്പോൾ അതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്?

ശ്രീ. എം.കെ. രാഘവൻ: ഇവിടെ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് റൂൾസ് അനുസരിച്ച് നിർദ്ദേശിച്ചിട്ടുള്ള ക്വാളിഫിക്കേഷനും ഇവിടുന്നുള്ള ക്വാളിഫിക്കേഷനും രണ്ടുംരണ്ടായി പലയിടത്തും കണക്കാക്കുന്നുണ്ട്. അത് പൊരുത്തപ്പെടുത്തിപോകാൻ ശ്രമിക്കുന്നുണ്ട്. ഇവിടെ നിന്നും പാസാകുമ്പോൾ കൊടുക്കുന്ന സർട്ടിഫിക്കറും ഓരോ ഡിപ്പാർട്ടുമെൻറിലും പ്രിസ്ക്രൈബു ചെയ്യുന്ന ക്വാളിഫിക്കേഷനും ഒന്നാക്കിതീർക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: ഒന്നരക്കൊല്ലത്തെ കോഴ്സ് സാണ് ഐ.ടി.ഐ.ക്ക് തീരുമാനിച്ചിരിക്കുന്നത്. ഒന്നരക്കൊല്ലത്തെ കോഴ്സ് കഴിഞ്ഞിട്ട് അഖിലേന്ത്യാ ട്രെയിഡിൽ നടത്തുന്ന മൽസര പരീക്ഷകളിലും ഈ പെയിൻറിംഗ് ട്രേഡ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നു വസ്തുത കണക്കിലെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ശ്രദ്ധിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അതു ശ്രദ്ധിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: നമ്മുടെ ഗവൺമെൻറ് ഐ. ടി. ഐ. കളിൽ സ്ഥാപിച്ചിട്ടുള്ള മെഷിനറികളെല്ലാം നല്ല മെഷിനറികളാണെന്നുള്ളതും അവിടെ പരിശീലനം സീദ്ധിക്കുന്ന വിദ്യാർത്ഥികൾ ഉൽപ്പാദനജോലികൾ ചെയ്യാൻ കഴിവുള്ളവരാണെന്നുള്ളതും പരിഗണിച്ച് ഈ സ്ഥാപനങ്ങൾ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻറുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സ്വീകരിക്കുന്നതിനു ബുദ്ധിമുട്ടില്ല. പക്ഷേ ഇതിനുമുമ്പുണ്ടായിട്ടുള്ള അനുഭവം മറിച്ചാണ്. ഇങ്ങനെ ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻറുകളാക്കിയിട്ടുള്ളതിൻെറ സ്ഥിതി വിശേഷം പറയുകയാണെങ്കിൽ, കളമശ്ശേരിയിൽ ഉണ്ടാക്കിയപ്പോൾ അവിടെ ട്രെയിനിംഗ് കൊടുത്ത ആളുകൾ തങ്ങൾ പ്രൊഡക്ഷൻ കൂടി നടത്തിയിട്ടുള്ള ആളുകളാണ് അതുകൊണ്ട് സ്ഥിരമായിട്ടു ജോലി വേണമെന്ന വാദം ഉന്നയിക്കുകയുണ്ടായി. അങ്ങനെയുള്ള വാദം ഉണ്ടാവുന്നില്ലെങ്കിൽ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻറുകളാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ആർ.എസ്. ഉണ്ണി: അഡ്മിഷൻ കൊടുക്കുന്ന അവസരത്തിൽ അഡ്മിഷൻ വ്യവസ്ഥയുമായി ബന്ധപ്പെടുത്തി ഉൽപ്പാദന സംബന്ധമായ ജോലികളിൽ ഏർപ്പെടുത്തുന്നതിന് പ്രത്യേക ഇൻസെൻറീവ് എന്നുള്ള നിലയിൽ ഒരു ശമ്പളം ഒരു കോൺട്രാക്ടു വച്ച് പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻറുകളാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: അതൊക്കെ സ്വീകരിക്കുന്നതിന് വിരോധമില്ല. എത്രയേറെ കൂടുതൽ ഇൻസെന്റീവ് കൊടുക്കാമോ അതെല്ലാം കൊടുത്തിട്ട് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള ഇൻസെന്റീവ് കൊടുക്കാവുന്നതാണ്.

ശ്രീ. പി.സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി കഴിഞ്ഞ പ്രാവശ്യം കൂടുതൽ സ്ഥാപനങ്ങൾക്ക് അനുവാദം കൊടുത്തു എന്ന്. കഴിഞ്ഞപ്രാവശ്യം അനുവാദം കൊടുത്ത പല സ്ഥാപനങ്ങളും ഓലഷെഡ്ഡുകൾ മാത്രമായിട്ട് അവശേഷിക്കുന്നു എന്നും, എന്നാൽ കഴിഞ്ഞപ്രാവശ്യം ഗവൺമെന്റ് പ്രിസ്ക്രൈബു ചെയ്തിട്ടുള്ള എല്ലാ സൗകര്യത്തോടുംകൂടിയ അപേക്ഷകർക്ക് ഇങ്ങനെയുള്ള അനുവാദം കൊടുത്തിട്ടില്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ വ്യക്തമായ പരാതികൾ ചൂണ്ടിക്കാണിച്ചാൽ അതിനു പരിഹാരം കാണുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. എം.കെ. രാഘവൻ: പരാതികൾ പലവിധത്തിൽ ഉണ്ടായിട്ടുണ്ട് എന്നല്ലാതെ ആ പരാതികളെല്ലാം ശരിയാണെന്ന് ഗവൺമെന്റിനു ബോദ്ധ്യമില്ല.

ശ്രീ. ടി.എച്ച്. മുസ്തഫ: കളമശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ നിറുത്തൽ ചെയ്തിരിക്കുകയാണ്. അതവിടെ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഞാൻ നേരത്തെ സൂചിപ്പിച്ചത് അതുതന്നെയാണ്. ഇതുപോലെയുള്ള സെന്ററുകൾ അവിടെയും മറ്റു പലസ്ഥലങ്ങളിലും ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ അതിനാവശ്യമായ പ്രതികരണം ഇതുപോലെയുള്ള ട്രെയിനിംഗ് സ്വീകരിക്കുന്നവരിൽനിന്നും ഉണ്ടാകണമെന്നുമാത്രമേയുള്ളു.

ശ്രീ. എൻ. ഭാസ്കരൻനായർ: സാങ്കേതിക വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുമാരപ്പിള്ളകമ്മീഷൻ റിപ്പോർട്ടിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കണമെന്നുണ്ട്. ഐ.ടി.സി.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതു കൊടുക്കുന്നില്ല. അതു കൊടുക്കുന്നതിനു തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: ഗവൺമെന്റിനു വിരോധമില്ലാത്ത കാര്യമാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്തു കാണുന്നതായ തൊഴിലില്ലായ്മ പരിഗണിച്ചുകൊണ്ട് ഗവൺമെന്റ് ഐ.റ്റി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: പുതിയ ട്രേഡുകൾ എന്തൊക്കെയാണെന്നുള്ളതിന് അന്തിമ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ്: കഴിഞ്ഞവർഷം അനുവദിച്ച കുറേ ഐ.റ്റി.സി.കൾ ഇനിയും ആരംഭിക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പ്രൈവറ്റ് സെക്ടറുകളിൽ എത്ര ട്രേഡ് മിനിമം ആരംഭിക്കണമെന്നാണ് നിർദ്ദേശമുള്ളത്. മിനിമം ഉണ്ടായിരിക്കേണ്ട ആവശ്യങ്ങൾ എന്തൊക്കെയാണ്?

ശ്രീ. എം.കെ. രാഘവൻ: ഇത്ര മിനിമം ട്രേഡ് ഉണ്ടായിരിക്കണമെന്ന് നിബന്ധന വയ്ക്കാറില്ല. ചില മിനിമം റിക്വയർമെന്റ്സ് സാറാസ്കെച്ച് ചെയ്തിരിക്കണമെന്നുണ്ട്. മിനിമം ലിറ്ററേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറിഫിക്കേഷൻ പ്രിസ്ക്രൈബു ചെയ്തത് സാറ്റിസ്ഫൈ ചെയ്തിട്ടില്ല. അതാണ് പറഞ്ഞത്. വിശദമായി പറയണമെങ്കിൽ മറ്റൊരു ചോദ്യം ചോദിക്കണം.

ശ്രീ. എം.വി. രാഘവൻ: പ്രൈവറ്റ് ഐ.റ്റി.സി.-കൾക്ക് ധാരാളം അനുവാദം കൊടുക്കുന്നതിന്റെ ഫലമായിട്ട് വളരെയേറെ അഴിമതികൾ നടക്കുകയും ഇതൊരു കച്ചവടമായി മാറുകയും ചെയ്തിരിക്കുകയാണ്. ഇത് അവസാനിപ്പിക്കാൻ ഗവൺമെന്റ് ഐ.ടി.ഐ. കളിൽ കൂടുതൽ സീറ്റ് വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: കൂടുതലായിട്ട് ഈവർഷം ഒന്നും അനുവദിച്ചിട്ടില്ല. അപ്പോൾ ഉദ്ദേശിക്കുന്ന കച്ചവടമൊന്നും ഇതിനകത്തു നടന്നിട്ടുമില്ല. നടന്നുപോയ കച്ചവടത്തെയോ, കച്ചവടം നടന്നോ എന്നതിനെക്കുറിച്ചൊന്നും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വിവരമില്ല.

ശ്രീ. വി.ജെ. ജോസഫ്: സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്നും യാതൊരുവിധമായ സാമ്പത്തിക സഹായങ്ങളും നൽകുന്നില്ല. എന്നാൽ അവരുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റ് കൈകടത്തുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുമുണ്ട്. അതുകൊണ്ട് അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അവരുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഒരുതരത്തിലും കൈകടത്തിയിട്ടില്ല. സാമ്പത്തികമായ സഹായം വേണമെന്ന് അവരാരും ഇതുവരെ ആവശ്യപ്പെട്ടിട്ടുമില്ല. ഇല്ലാതെതന്നെ അവർ സമ്പന്നൻമാരാണ്.

ശ്രീ. സി.എ. കുര്യൻ: നമ്മുടെ സംസ്ഥാനത്തിലെ പല ഐ.ടി.ഐ.-കളിലും വേണ്ടത്ര ഉപകരണങ്ങളില്ലാത്തതുകൊണ്ട് പഠിക്കുവാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടെന്നും സ്റ്റൈപ്പൻറ് കുറവാണെന്നും നിവേദനം കിട്ടിയിട്ടുണ്ടോ; സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഈ കൊടുത്തിട്ടുള്ളതെല്ലാം യഥാർത്ഥമായ രീതിയിൽ നടത്തത്തക്കവിധത്തിൽ വേണ്ടത്ര പ്രേരണ നടത്തികൊണ്ടിരിക്കുകയാണ്. അതുകൊണ്ടും ഫലമില്ലെങ്കിൽ കൂടുതൽ എന്തുവേണമെന്നു ഗവൺമെന്റ് ആലോചിക്കാം.

ശ്രീ. കെ. ജെ. ചാക്കോ: കഴിഞ്ഞകൊല്ലം 35 ഐ.ടി.സി.-കൾ കേരളത്തിൽ അനുവദിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റ് നൽകിയ കർശനമായ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഇവയിൽ പലതും മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം.കെ. രാഘവൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് എങ്ങനെയാണ് പ്രതിബന്ധം നീക്കേണ്ടതെന്നു ഇതേവരെ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: കഴിഞ്ഞവർഷം സഹകാര്യമേഖലയിൽ ഉള്ള ഐ.ടി.സി.-കൾ അടക്കം നമ്മുടെ സംസ്ഥാനത്തുള്ള പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിരുന്നുവോ, ഉണ്ടെങ്കിൽ അതു കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: അതിനു ചില വിദ്യാഭ്യാസ യോഗ്യതകൾ വച്ചിട്ടുണ്ട്. മിനിമം ക്വിറ്റിഫിക്കേഷൻ ഉള്ളതിനുപുറമേ മാനദണ്ഡമൊന്നുമില്ല.

ശ്രീ. പി. ശങ്കർ: ഐ.ടി.ഐ.-കളിൽ നോൺ മെട്രിക് പ്രവേശനത്തിനു എസ്.എസ്.എൽ.സി. പുസ്തകത്തിലുള്ള മാർക്കു പരിഗണിക്കേണ്ടെന്നും ഹെഡ്മാസ്റ്റർ സർട്ടിഫൈ ചെയ്ത മാർക്കു മാത്രമേ പരിഗണിക്കുകയുള്ളു എന്നും നിർദ്ദേശമുള്ളതിന്റെ ഫലമായി അനർഹരായ ആളുകൾക്കു പ്രവേശനം ലഭിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: അതൊരു അഭിപ്രായമാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു ചേർന്നാൽ മാത്രമേ അതിൽ മാർക്സ് ഉണ്ടാകുകയുള്ളു. അതിനുതാഴെയുള്ള പരീക്ഷകൾക്കു ചേരുന്നതു മാറ്റാനും മറിക്കാനും സാധ്യതയുള്ളതുകൊണ്ട് ഹെഡ്മാസ്റ്റർമാരുടെ ഉത്തരവാദിത്വത്തിൽ ഹെഡ്മാസ്റ്റർമാർ സർട്ടിഫൈ ചെയ്യുന്നതാണ് സ്വീകരിക്കുന്നത്. അതാണ് വിശ്വാസയോഗ്യം എന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതിൽ അഴിമതിയുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. പി. സീതിഹാജി: ഗവൺമെന്റു ഉടമയിൽ അരീക്കോട് ആരംഭിച്ചിട്ടുള്ള ഐ.ടി.ഐ.-യിൽ കെട്ടിടസൗകര്യമില്ലാത്തതുകൊണ്ട് കുട്ടികൾ സമരംചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കെട്ടിടം ഉണ്ടാക്കാൻ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അരീക്കോട് ഒരു ഐ.ടി.ഐ. സ്ഥാപിച്ചിട്ടുണ്ട്. അതിന് ടെമ്പററി കെട്ടിടമുണ്ട്. പരിപൂർണ്ണമായി കെട്ടിടമേ ഇല്ലെന്നു പറയുന്നതു ശരിയല്ല. കുറെ കെട്ടിടം ഇനിയും ആവശ്യമുണ്ട്, അതുചെയ്യാൻ ശ്രമിക്കുകയും ആണ്.

ശ്രീ. കെ.പി. നൂറുദ്ദീൻ: കഴിഞ്ഞകൊല്ലം 35 സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുത്തു എങ്കിലും പലരും കണ്ടീഷൻസ് പൂർത്തിയാക്കിയിട്ടില്ലെന്നു പറയുകയുണ്ടായി. അങ്ങനെയുള്ളത് ഒരു നിശ്ചിത കാലയളവിനുള്ളിൽ കണ്ടീഷൻസ് പൂർത്തിയാക്കിയില്ലെങ്കിൽ നൽകിയ അനുവാദം പിൻവലിക്കുമെന്നുള്ള അടിസ്ഥാനത്തിൽ കർശനമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: കഴിഞ്ഞകാലത്തു ഐ.ടി.ഐ.കളിൽ ആവശ്യത്തിനു ഉപകരണങ്ങൾ ഇല്ലെന്നു പറഞ്ഞുകൊണ്ട് പല സമരങ്ങളും നടക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെമ്മോറാണ്ടം ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രാക്ടിക്കൽ ട്രെയിനിംഗിനുള്ള ഉപകരണങ്ങൾ വാങ്ങിച്ചു കൊടുക്കുവാൻ എന്താണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത്.

ശ്രീ. എം.കെ. രാഘവൻ: ഗവൺമെന്റ് അക്കാര്യത്തെക്കുറിച്ച് ഇതേവരെ ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly